നം.കെ.എസ്.എ-കെ.ടി.എം.പി5/821/2017 തീയതി : 05.06.2017

## കോട്ടയം ജില്ലയിലെ നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -
വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.11.2016 മുതൽ 31.3.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബുജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.5.2017 മുതൽ 30.5.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നടരാജൻ പി.ബി. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി ലേഖ വി.<br>ശ്രീമതി ശ്രീലത ആർ.ബി.<br>ശ്രീ.ജോർജ്കുട്ടി ജോസഫ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വി.എം.ഗോപകുമാർ | 1.4.2016 മുതൽ 31.3.17 വരെ |
| സെക്രട്ടറി | ശ്രീ.സജിത്ത് റ്റി. | 1.4.16 മുതൽ 31.3.2017 വരെ |

മറ്റു നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.അനിൽ വർഗീസ് | 1.4.2016 മുതൽ 31.3.17 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി ദിവ്യ ആർ.നായർ | 1.4.16 മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രസന്നകുമാർ വി.എസ്. | 1.4.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ | ശ്രീ.മനോജ് റ്റി.എസ്. | 1.4.2016 മുതൽ 31.3.17 വരെ |
| | ശ്രീ.അർജ്ജുൻ മോഹൻ എം. | 11.1.2017 മുതൽ 31.3.17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ലതാകുമാരി റ്റി.ആർ. | 1.4.2016 മുതൽ 30.6.2016 വരെ |
| | ശ്രീമതി അഞ്ജലി അരവിന്ദ് | 1.7.2016 മുതൽ 3.2.2017 വരെ |
| | ശ്രീമതി വസന്തകുമാരി പി. | 4.2.2017 മുതൽ 31.3.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സന്തോഷ് തോമസ് | 1.4.16 മുതൽ 31.3.17വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.സ്മിത എം.എസ്. | 1.4.16 മുതൽ 31.3.17വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ആരതി ഗോപിനാഥ് | 1.4.16 മുതൽ 31.3.17 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കെ.എൻ.രാധാകൃഷ്ണൻ നായർ | 1.4.16 മുതൽ 20.12.2016 വരെ |
| | ശ്രീ.അനൂപ് എൻ. | 12.1.2017 മുതൽ 31.3.17 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി ലൗലി വി.എം. | 1.4.16 മുതൽ 31.5.2016 വരെ |
| | ശ്രീമതി ബിന്ദുമോൾ കെ.ജി. | 1.6.2016 മുതൽ 20.11.2016 വരെ |
| | ശ്രീമതി ബീന കെ. | 21.11.2016 മുതൽ 31.3.2017 |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1-പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |

| | |
|---|---|
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | ഓഡിറ്റ് ഇംപാക്ട് |
| ഭാഗം 2-വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വിമുക്തഭടന്മാരിൽ നിന്നും വസ്തുനികുതി ഈടാക്കിയില്ല |
| 2-1(എ) | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല |
| 2-2 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-3 | ഡി & ഒ ലൈസൻസ് – വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല |
| 2-4 | വാടക – കുടിശ്ശിക ഈടാക്കിയിട്ടില്ല |
| 2-5 | വാടക – മുൻവർഷങ്ങളിലെ വാടകകുടിശ്ശിക ഈടാക്കിയിട്ടില്ല |
| ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | പച്ചക്കറിതൈകൾ വിതരണം – പച്ചക്കറിതൈകൾ നാളിതുവരെയും ലഭ്യമാക്കി വിതരണം ചെയ്തില്ല |
| 3-2 | ഉറവിട മാലിന്യസംസ്കരണത്തിനായി ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുക – ചെലവഴിക്കാതെ അവശേഷിക്കുന്നത് തിരികെ അടവാക്കേണ്ടതാണ് |
| 3-3 | ഗുണഭോക്തൃസമിതി പ്രവൃത്തി നിർവ്വഹണത്തിലെ അപാകത |

| | |
|---|---|
| 3-4 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി – പണി പൂർത്തീകരിച്ചില്ല |
| 3-5 | ആയുർവ്വേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ – മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല |
| 3-6 | സംയോജിത ശിശുവികസന പദ്ധതി – കേന്ദ്രവിഹിതം പൂർണ്ണമായും വിനിയോഗിച്ചില്ല |
| 3-7 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| 3-8 | ജലനിധി |
| 3-9 | എം.ജി.എൻ.ആർ.ഇ.ജി.എസ്. |
| 3-10 | മികവുറ്റ പദ്ധതി പ്രവർത്തനം – ഊത്തപ്പാറ 55-ാം നമ്പർ അങ്കണവാടി കെട്ടിടനിർമ്മാണം |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം – 2016-17 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 31.03.2017 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം അന്റ് എക്സ്പെൻഡീച്ചർ പത്രിക 2016-17 |

| | |
|---|---|
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് പത്രിക 2016-17 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.2.2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 25.3.17 ലെ 1-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരം വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 22,50,852 |
| വരവ് | 6,14,75,690 |
| ആകെ | 6,37,26,542 |
| ചെലവ് | 6,32,29,600 |
| നീക്കിയിരുപ്പ് | 4,96,942 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 8.5.2017 | -- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 27.5.2017 | റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,42,98,782 |
| വരവ് | 8,71,13,914 |
| ആകെ | 10,14,12,696 |

| | |
|---|---|
| ചെലവ് | 8,81,86,117 |
| നീക്കിയിരിപ്പ് | 1,32,26,579 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 1,09,51,453 | 1,09,51,453 | 97,16,798 | 12,34,655 | 88.73 |
| വികസനഫണ്ട് എസ്.സി.പി. | -- | 34,29,462 | 34,29,462 | 22,45,532 | 11,83,930 | 65 |
| വികസനഫണ്ട് ടി.എസ്.പി. | --- | 3,00,309 | 3,00,309 | 71,980 | 2,28,329 | 23.97 |
| സംരക്ഷണഗ്രാന്റ് റോഡ് | --- | 53,40,756 | 53,40,756 | 48,46,964 | 4,93,792 | 90.75 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | --- | 29,43,474 | 29,43,474 | 26,20,607 | 3,22,867 | 89.03 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | --- | 61,41,531 | 61,41,531 | 61,41,531 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 11,685 | 3,21,16,298 | 32,27,983 | 31,39,192 | 88,591 | 97.61 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 5,972 | 96,11,982 | 96,17,954 | 9607563 | 10,391 | 99 |

## 1-6 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതി രൂപീകരണ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| രൂപീകരണഘട്ടം | തീയതി |
|---|---|
| വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ | 9.6.2016,21.7.16,18.10.16 |
| ഊരുകൂട്ടങ്ങൾ | 5.2.16 ,23.6.16,7.7.16 |
| പദ്ധതി ആസൂത്രണഗ്രാമസഭകൾ | 15.2.2016 -24.2.2016, 28.6.16 -30.6.16, 1.7.16-5.7.16 |
| ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള | 24.6.16 |

| | |
|---|---|
| പ്രത്യേക ഗ്രാമസഭ | |
| വികസനസെമിനാർ | 30.7.16 |
| ഭരണ/ സാമ്പത്തികാനുമതി നമ്പർ | ഭരണസമിതിയുടെ 29.8.16 ലെ 1(2)-ാം നമ്പർ |
| ജില്ലാ ആസൂത്രണസമിതി അംഗീകാരം | ഡിപിസി നം.490/16/ ഡിപിഒ കോട്ടയം തീ.9.9.16 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | ഭരണസമിതിയുടെ 9.12.2016 ലെ 10-ാം നമ്പർ തീരുമാനം |
| പർച്ചേസ് കമ്മിറ്റി യോഗങ്ങൾ | 2.3.17, 22.3.17,24.3.17 |

12-ാം പഞ്ചവത്സര പദ്ധതിയുടെ അവസാനവർഷമായ 2016-17 ൽ പുനസംഘടിപ്പിക്കപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ, അയൽസഭകൾ, വാർഡ് വികസന സമിതി, ഭരണഘടനാപരമായ അധികാരങ്ങൾ കൈയാളുന്ന ഗ്രാമസഭ എന്നിവയുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉൾക്കൊണ്ട് സർക്കാർ നിശ്ചയിച്ചിട്ടുള്ള പദ്ധതി മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് പ്രോജക്ടുകൾ തയ്യാറാക്കി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ളത്. രൂക്ഷമായ വരൾച്ചയും, കുടിവെള്ള ക്ഷാമവും നേരിടുന്ന ഈ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനായി ജലനിധി പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പരിമിതമായ വിഭവങ്ങൾ പരമാവധി വിനിയോഗിച്ച് നാടിന്റെ സുസ്ഥിര വികസനത്തിന് ഉതകുന്ന പ്രോജക്ടുകളാണ് 12-ാം പഞ്ചവത്സരപദ്ധതി കാലയളവിൽ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

വാർഷിക പദ്ധതിയുടെ നേട്ട/കോട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1.കിടപ്പുരോഗികൾക്ക്, പ്രത്യേകിച്ച് നിർധനരായ രോഗികൾക്ക് വളരെയേറെ പ്രയോജനപ്രദമായ പാലിയേറ്റീവ് പരിചരണ പദ്ധതി 12-ാം പദ്ധതിയിലൂടെ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞത് വലിയ വിജയമായി.

2. എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജന പ്രദമായി വിവിധ റോഡുകളുടെ ടാറിംഗ്/കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പാക്കി

3.പരാതികൾക്ക് ഇട നൽകാതെ ശുഷ്കാന്തിയോടെ മാലിന്യനീക്കം നടത്തുന്നതിനായി ഖരമാലിന്യ നിർമ്മാർജ്ജനം എന്ന പ്രോജക്ട് നടപ്പിലാക്കി.

4.പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികർക്കു വേണ്ടി നടപ്പിലാക്കിയ പഠനോപകരണ വിതരണം, ഫർണീച്ചർ വിതരണം, കംമ്പ്യൂട്ടർ വിതരണം എന്നിവ വിജയം കൈവരിച്ച പ്രോജക്ടുകളാണ്.

5. വനിതകൾക്ക് ആട്ടുവിതരണം, കോഴി വിതരണം എന്നീ പ്രോജക്ടുകൾ നടപ്പിലാക്കി ഗുണമേന്മയുള്ള ആട്ടുകളെയും, കോഴികളെയും വിതരണം ചെയ്യാൻ കഴിഞ്ഞു. അതുപോലെ തന്നെ ക്ഷീരകർഷകർക്ക് കാലിത്തീറ്റ ഇൻസെന്റീവ് നൽകുക വഴി ആ മേഖലയിലുള്ള കർഷകർക്കും ഉണർവ്വ് പകരാൻ സാധിച്ചിട്ടുണ്ട്.

6.മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളിലൊന്നായ കിടപ്പാടം ലഭ്യമാക്കാൻ ഇ.എം.എസ് ഭവനപദ്ധതിയുൾപ്പടെയുള്ള മറ്റ് ഭവനനിർമ്മാണ പ്രോജക്ടുകൾ വഴി സാധിച്ചു.

കോട്ടങ്ങൾ

1.കാർഷിക മേഖലയിൽ കൃഷി ഉൽപ്പാദന വർദ്ധനവിനുതകുന്നതും, കാർഷികമേഖലയെ പ്രോത്സാഹിപ്പിക്കുന്നതുമായ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയില്ല.

2.ഗ്രാമപഞ്ചായത്തിന് ISO സർട്ടിഫിക്കേഷനായി പ്രോജക്ട് രൂപീകരിച്ചെങ്കിലും നടപ്പിലാക്കാൻ സാധിച്ചില്ല.

3.വിവിധ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കിയെങ്കിലും നടപ്പിലാക്കിയില്ല.

4.പത്തായിപ്പാറ ജലസേചന പദ്ധതി രണ്ടാംഘട്ടം,വെളിയംകുന്ന് ജലസേചനപദ്ധതിയുടെ പൂർത്തീകരണത്തിനും പ്രോജക്ടുകൾ ആവിഷ്കരിച്ചെങ്കിലും ഫലപ്രാപ്തിയിൽ എത്തിയ്ക്കാൻ സാധിച്ചില്ല.

5.പട്ടിക വർഗ്ഗവിഭാഗക്കാർക്കായി പഠനമുറി എന്ന പ്രോജക്ട് നടപ്പിലാക്കിയില്ല.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 136 | 1,51,68,645 | 115 | 1,06,36,258 | 4 | 17 | 85 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 83.5ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 32,47,303 | 59,75,669 | 27,28,366 | 84 |
| നികുതിയേതര വരവുകൾ | 2,38,468 | 6,38,666 | 4,00,198 | 167 |
| മറ്റുവരവുകൾ | 2,92,459 | 3,21,574 | 29,115 | 9.99 |
| ആകെ | 3778230 | 6935909 | 3157679 | 83.5 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,15,320 | 60 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 21,89,850 | 247 |
| വിധവാപെൻഷൻ | 87,58,590 | 742 |
| വാർദ്ധക്യകാലപെൻഷൻ | 1,06,89,470 | 1199 |
| വികലാംഗപെൻഷൻ | 19,21,785 | 200 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.5.2017 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 39,713 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ ഡി.സി.ബി.തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകളും അനുബന്ധ രേഖകളും കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്നു. പൊതുവെ ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഭദ്രമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 3/2017 | 1.3.2017 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.5.2014 | 2013-14 | 11/8A-2160/661 തീ.10.7.14 |

## 1-12 ഓഡിറ്റ് ഇംപാക്ട്

1.പ്രോജക്ട് നം.S019/17 പ്രകാരം ക്ലനാനിപ്പടി അങ്കണവാടിയുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനോട് അനുബന്ധിച്ച് കൺവീനർക്ക് 5,017 രൂപ അധികം നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറി നം.6/29.5.17 നൽകിയതിന്റെ അടിസ്ഥാനത്തിൽ അധികം നൽകിയ 5,017 രൂപ കൺവീനറിൽ നിന്നും (രസീത് നം.117040101053/29.5.17) ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

2.ഡി ആന്റ് ഒ ലൈസൻസ് ഫീസിനത്തിൽ കുറവായി ഈടാക്കിയ തുക ഓഡിറ്റ് എൻക്വയറി നം.9/29.5.17 നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട 500 രൂപ രസീത്

നം.117040101054/30.5.17 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വിമുക്തഭടന്മാരിൽ നിന്നും വസ്തുനികുതി ഈടാക്കിയില്ല

പഞ്ചായത്തിലെ വിമുക്തഭടന്മാർക്ക് വസ്തുനികുതി ഇളവ് നല്കിയതുമായി ബന്ധപ്പെട്ട് നല്കിയ രജിസ്റ്ററും, ഫയലും പരിശോധിച്ചതിൻ പ്രകാരം 2000 ചതുരശ്രയടിയിൽ(185ച.മീ.) കവിഞ്ഞ തറവിസ്തീർണ്ണമുള്ള ചുവടെ കൊടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയതായി കാണുന്നില്ല.രജിസ്റ്ററിൽ തറവിസ്തീർണം രേഖപ്പെടുത്തുന്നില്ല.

| പേരും അഡ്രസ്സും | വാർഡ് നം/വീട്ടു നം. | തറവിസ്തീർണ്ണം |
|---|---|---|
| ബിനോദ്<br>പുളിയ്ക്കൽ, മാന്തുരുത്തി | I/86 | 232ച.മീ. |
| പി.കെ.ഗോപാലകൃഷ്ണൻ നായർ<br>പ്രതിഭ, നെടുംകുന്നം | III/1 | 227.2ച.മീ |
| പി.എ.ശ്രീധരൻ<br>പാറയ്ക്കൽ, 12ാം മൈൽ, മാന്തുരുത്തി | V/2 | 220ച.മീ |
| തോംസൺ വർഗ്ഗീസ്<br>തമ്പിക്കുറ്റിയിൽ, പുന്നവേലി പി.ഒ. | IX/420 | 196 ച.മീ |

മേല്പറഞ്ഞ കെട്ടിട ഉടമകളിൽ നിന്നും വസ്തുനികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-1(a) മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള മൊബൈൽ ടവറുകൾ 5 എണ്ണം ഉണ്ടെങ്കിലും 2016-17 വർഷം ഈ ടവറുകളുടെയൊന്നും നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ടവറിന്റെ പേര് | ചുമത്തിയ വസ്തു നികുതി(രൂപ) | കുടിശ്ശികയുടെ വിവരം |
|---|---|---|---|---|
| 1 | IV/275 | ടവർ വിഷൻ | 3,150 | 2012-13 മുതൽ<br>2017-18 വരെ |
| 2 | IV/545 | ഐഡിയ മൊബൈൽ | 2,888 | 2011-12മുതൽ<br>2017-18 വരെ |
| 3 | V/318 | ടവർ വിഷൻ | 7,350 | 2013-14 മുതൽ<br>2017-18 വരെ |

| | | | | |
|---|---|---|---|---|
| 4 | V/319 | ഐഡിയ മൊബൈൽ | 7,350 | 2013-14 മുതൽ 2017-18 വരെ |

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മാത്രമല്ല നിലവിൽ 5 ടവറുകളുടെ വസ്തുനികുതി മാത്രമേ പരിഷ്കരിച്ചിട്ടുള്ളൂ. ക്രമ നം.(1)ലെ ടവർ വിഷനം (IV/275), XII-ാം വാർഡിലെ 186A (എയർസെൽ ഡിഷ്നെറ്റ്) നമ്പർ മൊബൈൽ ടവറിന്റെയും വിസ്തീർണ്ണത്തിന് ആനുപാതികമായി പരിഷ്കരണം നടത്തിയിട്ടില്ല. അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് ശ്രദ്ധിക്കേണ്ടതും പെർമിറ്റ് എടുത്ത മുഴുവൻ ഭാഗത്തിനും സ.ഉ.(അ)19/2011/തസ്വഭവ/തീയതി 14.1.2011 പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്ത നിരക്കിൽ വസ്തുനികുതി ചുമത്തുന്നുണ്ടോയെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഇനം | നികുതി ഒടുക്കേണ്ട അർദ്ധവർഷം |
|---|---|---|---|
| 1 | സെന്റ് ജോൺസ് ദി ബാപ്റ്റിസ്റ്റ് ഇംഗ്ലീഷ് സ്കൂൾ, നെടുംകുന്നം | ജീവനക്കാരുടെ തൊഴിൽ നികുതി | 2016-17 (II) |
| 2 | സെന്റ് തെരേസാസ് എൽ.പി.എസ്, നെടുംകുന്നം | ജീവനക്കാരുടെ തൊഴിൽ നികുതി | 2016-17 (II) |
| 3 | സി.എം.എസ് എൽ.പി.എസ്, ചേലക്കൊമ്പ് | ജീവനക്കാരുടെ നികുതി | 2016-17 (II) |
| 4 | കെ.എസ്.എഫ്.ഇ., കറുകച്ചാൽ | ജീവനക്കാരുടെ നികുതി | 2016-17 (II) |
| 5 | തിയോഫിലസ് കോളേജ് ഓഫ് നേഴ്സിംഗ് | ജീവനക്കാരുടെ നികുതി<br>സ്ഥാപനതൊഴിൽ നികുതി | 2016-17( II)<br>2016-17(I, II) |
| 6 | പി.ജി.എം കോളേജ് | സ്ഥാപനതൊഴിൽ നികുതി | 2016-17(I, II) |
| 7 | ഫെഡറൽ ബാങ്ക് | സ്ഥാപനതൊഴിൽ നികുതി | 2016-17( II) |
| 8 | സെന്റ് ജോൺ PVT, ITI | ജീവനക്കാരുടെ നികുതി | 2016-17( II) |

| | | | |
|---|---|---|---|
| | | സ്ഥാപനതൊഴിൽ നികുതി | 2016-17( II) |
| 9 | സെന്റ് ജോൺസ് ദി ബാപ്റ്റിസ്റ്റ് കോളേജ് ഓഫ് എഡ്യൂക്കേഷൻ | സ്ഥാപനതൊഴിൽ നികുതി | 2014-15(I, II) |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ്- വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള സ്ഥാപനത്തിൽ നിന്നും 2016-17 സാമ്പത്തികവർഷം വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതായോ, വിറ്റുവരവ് സംബന്ധിച്ച് അന്വേഷണം നടത്തി ലൈസൻസ് ഫീസ് ഈടാക്കിയതായോ കാണുന്നില്ല (കേ.പ.രാ.സെക്ഷൻ 232,ചട്ടം 7). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ/സ്ഥാപനത്തിന്റെ പേര് | അപേക്ഷയോടൊപ്പം കാണിച്ചിട്ടുള്ള വിറ്റുവരവ് (രൂപയിൽ) | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | ജിത്തു സത്യൻ<br>സിൽവർ ഓക്ക് ടെക്നൊവേഷൻസ് | 50000/- | 1000/- | 100/-(രസീത് നം. 11604101863/26.8.16) | 900/- |

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/29.5.17) ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. ഈടാക്കേണ്ട ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 വാടക - കുടിശ്ശിക ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ താഴെകൊടുത്തിട്ടുള്ള വാടകക്കാർ വാടകയിൽ കുടിശ്ശിക വരുത്തിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട മുറി നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക(രൂ.) | വാടക കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | IV/298 | സാബു ജോസഫ്, കേരളവികസനസമിതി | 650/- | 8/16-12/16(5 മാസം) |

| | | | | |
|---|---|---|---|---|
| 2 | IV/292 | സാബു ജോസഫ്, കേരളവികസനസമിതി | 6000/- | 8/16 – 3/17(8 മാസം) |

വാടക കുടിശ്ശിക ഈടാക്കാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 11/29.5.17) വാടക കുടിശ്ശിക ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചുവരുന്നതായി മറുപടി നൽകുകയുണ്ടായി. വാടക കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 വാടക - മുൻവർഷങ്ങളിലെ വാടകകുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ മുൻവർഷങ്ങളിൽ ഉപയോഗിച്ചിരുന്ന താഴെകൊടുത്തിട്ടുള്ള വാടകക്കാരിൽനിന്നും വാടകകുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാടകക്കാരന്റെ പേര് | വാടക കുടിശ്ശിക(രൂ.) |
|---|---|---|
| 1 | മറിയാമ്മ മൈക്കിൾ | 250/- |
| 2 | വി.വി.രഘുനാഥൻ | 8251/- |
| 3 | ഐ.വൈ.ജോർജ് | 4193/- |

വാടക കുടിശ്ശിക ഈടാക്കാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/29.5.17) കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി നൽകുകയുണ്ടായി. കുടിശ്ശിക വാടക നിയമാനുസൃതമായ പിഴപ്പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പച്ചക്കറിതൈകൾ വിതരണം - പച്ചക്കറിതൈകൾ നാളിതുവരെയും ലഭ്യമാക്കി വിതരണം ചെയ്തില്ല

പ്രോജക്ട് നം.എസ് 0123/17

നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ

അടങ്കൽ - 1,50,000/-രൂപ

ചെലവഴിച്ച തുക - 1,25,000/-രൂപ (ബിൽ നം.CBJ-1/16-17 തീ.9.3.17)

50000/- പച്ചക്കറിതൈകൾ വാങ്ങുന്നതിനായി 1,25,000/-രൂപ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളത്തിനു നൽകിയിട്ടുണ്ട് (ബിൽ നം.CBJ-1/16-17 തീയതി 9.3.17).ഇ ട്രാൻസ്ഫർ മുഖേന ലഭ്യമാക്കിയ തുകയ്ക്ക് വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ 20.3.2017-ലെ കെ റ്റി എം 093 നമ്പർ കൈപ്പറ്റ് രസീത് ഫയലിൽ ഉണ്ട്. എന്നാൽ നാളിതുവരെയും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പച്ചക്കറിതൈകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/27.5.2017) വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നാളിതുവരെയും പച്ചക്കറിതൈകൾ

ഇറക്കിയിട്ടില്ലായെന്നും മെയ് മാസം അവസാനത്തോടുകൂടി തൈകൾ നൽകും എന്ന് അറിയിച്ചിട്ടുണ്ട് എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. നാളിതുവരെയും തൈകൾ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടില്ലാത്തതിനാൽ 1,25,000/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിൽ നിന്നും പച്ചക്കറിതൈകൾ ലഭ്യമാക്കിയതിന്റേയും ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റേയും രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 ഉറവിട മാലിന്യസംസ്കരണത്തിനായി ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുക -ചെലവഴിയ്ക്കാതെ അവശേഷിക്കുന്നത് തിരികെ അടവാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ ഉറവിടമാലിന്യസംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിനായി 19,97,000 രൂപ അടങ്കൽ വരുന്ന പദ്ധതിയ്ക്ക് ശുചിത്വമിഷനിൽ നിന്നും അംഗീകാരം ലഭിച്ചിരുന്നു. ആയതിന്റെ നിർവ്വഹണത്തിനായി 8,34,900 രൂപ ശുചിത്വമിഷനിൽ നിന്നും പഞ്ചായത്തിന് ലഭിച്ചിരുന്നു(ചെക്ക്നം.0578180/23.4.13). 2014-15 സാമ്പത്തിക വർഷം 3,27,675 രൂപ ചെലവഴിച്ചിട്ടുണ്ട്. 2014-15 സാമ്പത്തികവർഷം ഉറവിടമാലിന്യ സംസ്കരണത്തിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. വാർഷിക കണക്ക് ബി4 ഷെഡ്യൂൾ പ്രകാരം 5,07,225 രൂപ ബാലൻസുണ്ട്. ബാക്കിയുള്ള 5,07,225 രൂപ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് ശുചിത്വമിഷനിൽ തിരികെ അടവാക്കേണ്ടതാണ്.

## 3-3 ഗുണഭോക്തൃസമിതി പ്രവൃത്തി നിർവ്വഹണത്തിലെ അപാകത

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിച്ച 56 മരാമത്ത് പ്രവൃത്തികളിൽ 10 എണ്ണം ഒഴികെ മറ്റെല്ലാം ഗുണഭോക്തൃസമിതി മുഖാന്തിരം ആണ് നടപ്പിലാക്കിയത്. ടി പ്രവൃത്തികൾക്കായി ആകെ 1,22,03,983 രൂപ അടങ്കൽ കൽപ്പിച്ച് 81,96,234 രൂപ ആകെ ചെലവിടുകയുണ്ടായി.

ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾ എല്ലാം തന്നെ 1999 ലെ ഗുണഭോക്തൃസമിതി മാർഗ്ഗരേഖ ലംഘിച്ചാണ് നടപ്പിലാക്കിയിട്ടുള്ളതെന്നാണ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നത്. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(5) പ്രകാരം ഗുണഭോക്തൃസമിതി മുഖേന പഞ്ചായത്ത് ചെയ്യുന്ന പൊതുമരാമത്ത് പണിയുടെ കാര്യത്തിൽ ബിനാമി ഇടപാട് പാടില്ലാത്തതും ബിനാമി ഇടപാട് വെളിപ്പെടുന്ന പക്ഷം ഗുണഭോക്തൃസമിതിയുടെ കൺവീനർ പഞ്ചായത്തുമായി വച്ചിട്ടുള്ള കരാർ റദ്ദാക്കപ്പെടുന്നതും, ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദത്തിൽ പ്രസ്തുത പണി പഞ്ചായത്ത് നേരിട്ടോ കരാറുകാരൻ മുഖേനയോ പൂർത്തിയാക്കപ്പെടേണ്ടതും, ബിനാമി ഇടപാടിന് കാരണക്കാരായവരെ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കുന്നതുമാണ്. എന്നാൽ ഒരേ കയ്യക്ഷരത്തിൽ വൗച്ചറുകൾ തയ്യാറാക്കിയ ഒന്നിലധികം പ്രവൃത്തികൾ ബിനാമി ഇടപാടുകളിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 13-ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/13/ത.സ്വ.ഭ.വ പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട്

പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ എൽ എസ് ജി ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.2013-ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാടെ അവഗണിച്ചാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(2)-ൽ ഗുണഭോക്തൃസമിതി രൂപീകരിക്കേണ്ടത് എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ചല്ല ഗുണഭോക്തൃസമിതികൾ രൂപീകരിച്ചിട്ടുള്ളത്. മാത്രവുമല്ല ഗുണഭോക്തൃസമിതി രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ കൃത്രിമമായി ചമച്ചിട്ടുള്ളതാണെന്ന് പ്രഥമ ദൃഷ്ടിയിൽതന്നെ വ്യക്തമാണ്. ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതുമാണ്. മാത്രവുമല്ല 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മേലൊപ്പിടേണ്ടതുമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസിസ്റ്റന്റ് എഞ്ചിനീയറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഗുണഭോക്തൃസമിതിയുടെ ചെയർമാനും, കൺവീനറും അംഗങ്ങളും പ്രോജക്ടിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾതന്നെ ആയിരിക്കണമെന്നും ആയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകണമെന്നും പദ്ധതി നിർവ്വഹണമാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥകൾ ഒന്നും ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. കൺവീനർമാർ ഹാജരാക്കിയിട്ടുള്ള ചെലവ് കണക്കുകളും, മസ്റ്റർ റോളും, ക്യാഷ് ബില്ലുകളും പ്രത്യക്ഷത്തിൽ വിശ്വസനീയവും സത്യസന്ധവുമല്ല. കൺവീനർമാർ ആരും തന്നെ പണിനടത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തിൽനിന്നും മൊബലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ലെന്നതും ശ്രദ്ധേയമായ കാര്യമാണ്. ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവിടുന്ന തുകയോ ബിൽ ബുക്ക് പ്രകാരമുള്ള തുകയോ ഏതാണോ കുറവ് അതാണ് കൺവീനർക്ക് നൽകേണ്ടത് എന്നിരിക്കെ ഇത് സംബന്ധിച്ച് യാതൊരു താരതമ്യപഠനവും നടത്താതെയാണ് തുക നൽകിയിട്ടുള്ളത്. കൺവീനറുടെ ചെലവ് വൗച്ചറുകളിലെ ആകെ തുക എം.ബുക്ക് മൂല്യത്തേക്കാൾ കുറവായ നിരവധി സാഹചര്യം നിലനിൽക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എം ബുക്ക് പ്രകാരമുള്ള ചെലവ് | ഹാജരാക്കിയിട്ടുള്ള വൗച്ചർ പ്രകാരമുള്ള |
|---|---|---|---|

| | | | |
|---|---|---|---|
| | | | ചെലവ് |
| 1 | വീരൻമല-എടത്തനാട്ടുപടി<br>റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നം. 92/17<br>എം.ബുക്ക് നം. 58/16-17<br>കൺവീനർ- സജിമോൾ സാം | 1,21,759 | 1,19,991 |
| 2 | മുക്കവല-കൊച്ചോലിയ്ക്കൽ<br>റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നം. 129/17<br>എം.ബുക്ക് നം. 59/16-17<br>കൺവീനർ- അനിൽ കുമാർ | 1,94,469 | 1,69,257 |
| 3 | കാവുനട-ആര്യാട്ടുകുഴി<br>റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നം. 148/17<br>എം.ബുക്ക് നം. 60/16-17<br>കൺവീനർ- സൈമൺ ജോൺ | 1,54,169 | 1,33,533 |
| 4 | കുന്നിക്കാട് പുറം പോക്ക കോളനി<br>റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നം. 108/17<br>എം.ബുക്ക് നം. 14/16-17<br>കൺവീനർ- ആൻഡ്രൂസ് മത്തായി | 97,241 | 94,749 |

ഗുണഭോക്തൃസമിതികൾ മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികളിൽ ഏറിയ പങ്കും വൻ ലാഭം കിട്ടുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടത്തിയിട്ടുള്ള സാഹചര്യങ്ങളിൽ പ്രവൃത്തികൾക്ക് ഗണ്യമായ ശതമാനം വരെ കുറഞ്ഞനിരക്കിൽ കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുള്ളതായി പരിശോധനയിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രവൃത്തികൾ മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ച് സുതാര്യമായി നടപ്പിലാക്കിയിരുന്നുവെങ്കിൽ ടെണ്ടർ ഫാറം വില്പന ഇനത്തിലും, ടെണ്ടർ സേവിംഗ്സ് ഇനത്തിലും ലക്ഷകണക്കിന് രൂപ ഗ്രാമപഞ്ചായത്തിന് നിശ്ചയമായും ലാഭിക്കാമായിരുന്നു. കൺവീനർ പ്രവൃത്തി നടത്തുമ്പോൾ പിഴ ഒടുക്കാതെ പ്രവൃത്തി വർഷങ്ങളോളം നീട്ടിക്കൊണ്ടു പോകുന്നതിനും, പ്രവൃത്തി നിർവ്വഹണത്തിലുണ്ടാകുന്ന വീഴ്ചകളുടെ ബാദ്ധ്യതയിൽനിന്നും ഒഴിവാകുന്നതിനും ശ്രമമുണ്ട്.

നിർമ്മാണ പ്രവൃത്തികളുടെ നടത്തിപ്പിൽ കരാർ രാജ് ഒഴിവാക്കുന്നതിനും, ജനപങ്കാളിത്തത്തോടെ സുതാര്യമായും, ഗുണനിലവാരം പുലർത്തിയും ചെലവ് ചുരുക്കിയും നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നതിനും വേണ്ടിയാണ് സർക്കാർ ഗുണഭോക്തൃസമിതികൾ മുഖാന്തിരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നത്. എന്നാൽ ഈ ഉദ്ദേശ്യങ്ങളെ പാടെ നിരാകരിക്കുന്ന തരത്തിലാണ് ഗ്രാമപഞ്ചായത്തിൽ പദ്ധതി നിർവ്വഹണം ഇടപാട് നടന്നിരിക്കുന്നത്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് വളരെ ചെറിയ റോഡ് കോൺക്രീറ്റിംഗ് പ്രോജക്ടുകളാണ് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളവയിൽ ഏറെയും. ഇത് 18.08.2012 ലെ സ.ഉ.(എം.എസ്.)നം.225/12 തസ്വഭവ യുടെ ലംഘനമാണ്.

## 3-4 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി -പണി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം.- 94/16

അടങ്കൽ - 20,00,000

ചെലവ് - 10,50,000

2016-17 വർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടിൽ ഗുണഭോക്താക്കളായി 18 പേർ ഉൾപ്പെട്ടിരുന്നു. പണി പൂർത്തിയാക്കിയ മൂന്ന് ഗുണഭോക്താക്കൾക്ക് 1,00,000 രൂപ വീതം ആകെ 3,00,000 രൂപയും പണി പൂർത്തിയാക്കാത്ത ബാക്കിയുള്ള 15 പേർക്ക് താഴെ വിവരിക്കും പ്രകാരം 7,50,000 രൂപയും ഉൾപ്പെടെ ആകെ 10,50,000 രൂപ പദ്ധതിക്കായി ചെലവായിട്ടുണ്ട്.

പണി പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് നല്കിയ തുകയുടെ വിവരം

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ചെലവ് വിവരം |
|---|---|---|---|
| 1 | രമണൻ കെ.ജി. ഓലപ്പുരയ്ക്കൽ, നെടുംകുന്നം | 1,00,000 | ബിൽ നം.3/16-17 തീയതി 14.3.17 |
| 2 | കുട്ടപ്പൻ, മനങ്ങാടി, നെടുംകുന്നം | 1,00,000 | |
| 3 | ശശികുമാർ, മാക്കൽ, നെടുംകുന്നം | 1,00,000 | |
| | ആകെ | 3,00,000 | |

പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് നല്കിയ തുകയുടെ വിവരം

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ചെലവ് വിവരം |
|---|---|---|---|
| 1 | സരസമ്മ വേങ്ങമലക്കുന്ന്, നെടുംകുന്നം | 50,000 | ബിൽ നം.4/16-17/14.3.17 5/16-17/20.3.17, 6/16-17/25.3.17, |
| 2 | ഉഷാകുമാരി, അരണപ്പാറ | 50,000 | |

| | | | |
|---|---|---|---|
| 3 | അമ്മിണി<br>കാരുവേലിൽ, നെടുംകുന്നം | 50,000 | |
| 4 | രമണൻ, പാലയ്ക്കൽ, നെടുംകുന്നം | 50,000 | |
| 5 | വിനായകൻ, പൊയ്കയിൽ, നെടുംകുന്നം | 50,000 | |
| 6 | ബിന്ദു ദാമോദരൻ<br>ആഴാംചിറ, നെടുംകുന്നം | 50,000 | |
| 7 | രാജൻ വി., കുന്നേൽ, നെടുംകുന്നം | 50,000 | |
| 8 | അനിൽ പി.ബി., ചൂളപ്പടി, നെടുംകുന്നം | 50,000 | |
| 9 | സുരേഷ് പി.റ്റി<br>പാലയ്ക്കൽ, നെടുംകുന്നം | 50,000 | 9/16-17/30.3.17 |
| 10 | തങ്കമണി<br>കണിയാംപറമ്പിൽ, നെടുംകുന്നം | 50,000 | |
| 11 | ആർ.ശശി, മുട്ടത്തുമാക്കൽ, നെടുംകുന്നം | 50,000 | |
| 12 | സോമൻ റ്റി.കെ.<br>തടത്തിൽ, നെടുംകുന്നം | 50,000 | |
| 13 | സോമൻ പി.എൻ., പാഴൂത്തുരുത്തേൽ | 50,000 | |
| 14 | ശശികുമാർ, മാക്കൽ, നെടുംകുന്നം | 50,000 | |
| 15 | ചെല്ലമ്മ, അഞ്ചാണിയിൽ, നെടുംകുന്നം | 50,000 | |

ഗുണഭോക്താക്കളുമായി ചമച്ചിട്ടുള്ള കരാർ പ്രകാരം 15.02.16 തീയതിയ്ക്കകം പദ്ധതി പൂർത്തീകരിയ്ക്കേണ്ടതായിരുന്നു. ഏതെങ്കിലും കാരണവശാൽ നിശ്ചിത കാലാവധിയ്ക്കകം നിർമ്മാണം പൂർത്തീകരിയ്ക്കാതിരിയ്ക്കുകയോ ഉപയോഗിയ്ക്കാതിരിയ്ക്കുകയോ ചെയ്താൽ കൈപ്പറ്റിയ തുകയും സർക്കാരിനുണ്ടായ നഷ്ടവും പലിശ സഹിതം തിരിച്ച് നല്കാമെന്ന് കരാറിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും കരാർ ലംഘനത്തിനെതിരെ അധികൃതർ നടപടികളൊന്നും സ്വീകരിച്ചില്ല. ഇതിന് മറുപടി നല്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.5) 15 പേരും ഇപ്പോൾ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ടി പ്രോജക്ട് 2017-18 ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി നല്കി.

## 3-5 ആയുർവ്വേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ

## പൂർണ്ണമായും ലഭ്യമാക്കിയില്ല

പ്രോജക്ട് നം-0095/17

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ ആയുർവ്വേദം

അടങ്കൽ തുക – 4,00,000/-രൂ.

ചെലവഴിച്ച തുക- 4,00,000/=രൂ., ഡി ഡി നം.330756/1.2.2017

ആയുർവ്വേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ പ്രോജക്ട് പ്രകാരം ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന വാങ്ങുന്നതിനായി 4,00,000/- രൂപ, ഡി ഡി നം.330756/1.2.2017 പ്രകാരം നൽകുകയുണ്ടായി. തുക കൈപ്പറ്റിയതായി സ്ഥാപനം 783/3261 തീയതി 18.2.2017 കൈപ്പറ്റുരസീത് പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനം ഓഡിറ്റ് തീയതി വരെയും രണ്ടു തവണയായി 1,58,371/-രൂപയുടെ മരുന്നുമാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. (ഇൻഡെന്റ് നം.2262/28.2.17 രൂ.1,11,455 & ഇൻഡെന്റ് നം.2618/31.3.17 രൂ.46,916). 2,41,629/-രൂപയുടെ മരുന്ന് ഓഡിറ്റ് തീയതിവരേയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 2,41,629/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2,41,629/-രൂപയുടെ മരുന്ന് ലഭ്യമാക്കിയതിന്റേയും, സ്റ്റോക്കിൽ എടുത്തതിന്റേയും രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 സംയോജിത ശിശുവികസനപദ്ധതി -- കേന്ദ്രവിഹിതം പൂർണ്ണമായും വിനിയോഗിച്ചില്ല

സ.ഉ.നം.39033/ഡി.സി.2/2010/ ത.സ്വ.ഭ.വ. തീയതി 3.9.2010 പ്രകാരം പൂരക പോഷകാഹാര പരിപാടി (എസ്.എൻ.പി) യ്ക്ക് ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും ത.സ്വ.ഭ.വ. സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ 23 അങ്കണവാടികളിൽ 3 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 18 അങ്കണവാടികളിൽ മാത്രമേ കറന്റ് കണക്ഷൻ ലഭ്യമായിട്ടുള്ളൂ. ഗ്രാമപഞ്ചായത്തിൽ ലഭ്യമായ കേന്ദ്രവിഹിതത്തിൽ 31.3.2017 ൽ 3,51,935 രൂപ നീക്കിയിരുപ്പുണ്ട്. ടി തുക കൂടി വിനിയോഗിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

2016-17 വർഷം നടപ്പിലാക്കിയ ചുവടെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| ക്രമ നം. | പ്രോജക്ടിന്റെ നം./ പേര് | ചെലവ് | (ഡി.ഡി നം./തീയതി) | ഡി.ഡി ആർക്ക് കൊടുത്തു | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | എസ്.ഒ. 49/16-17<br>ഐ.എ.വൈ വിഹിതം (എസ്.സി.പി) | പ്ലാൻ ഫണ്ട്<br>3,50,000 | 330717/ 24.01.17 | ബി.ഡി.ഒ,വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | അസിസ്റ്റന്റ്<br>സെക്രട്ടറി |
| 2 | എസ്.ഒ. 49/16-17<br>ഐ.എ.വൈ വിഹിതം (റ്റി.എസ്.പി) | പ്ലാൻ ഫണ്ട്- 45,000/- | 330716/ 24.01.17 | ബി.ഡി.ഒ,വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | അസിസ്റ്റന്റ്<br>സെക്രട്ടറി |
| 3 | എസ്.ഒ. 49/16-17<br>ഐ.എ.വൈ വിഹിതം(ജനറൽ) | പ്ലാൻ ഫണ്ട്- 1,80,000/- | 330715/ 24.1.17 | ബി.ഡി.ഒ,വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി |
| 4 | എസ്.ഒ. 47/16-17 (എസ്.എസ്.എ വിഹിതം) | പ്ലാൻ ഫണ്ട്- 4,00,000/- | 330584/ 5.1.17 | പ്രോജക്ട് ഓഫീസർ, എസ്.എസ്.എ, കോട്ടയം | എച്ച്.എം. |
| 5 | എസ്.ഒ. 43/16-17 (എസ്.എസ്.എ വിഹിതം) | പ്ലാൻ ഫണ്ട്- 1,00,000/- | 330583/ 5.1.17 | പ്രോജക്ട് ഓഫീസർ, എസ്.എസ്.എ, കോട്ടയം | എച്ച്.എം. |
| 6 | എസ്.ഒ. 60/16-17<br>കന്നുകുട്ടി പരിപാലനം | പ്ലാൻ ഫണ്ട്- 3,68,750/- | ബിൽ നം.1/16-17 /23.2.17 | അസിസ്റ്റന്റ്<br>ഡയറക്ടർ,<br>കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം,<br>കോട്ടയം | വെറ്ററിനറി സർജൻ |
| | ആകെ | 14,43,750രൂപ | | | |

മേല്പറഞ്ഞ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരേയ്ക്കും 14,43,750/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ജലനിധി

നെടുംകുന്നം ഗ്രാമപഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമെന്ന നിലയിൽ ലോക ബാങ്ക് ധനസഹായത്തോടെ 2015-16 സാമ്പത്തികവർഷം ജലനിധി പ്രോജക്ട് ആവിഷ്കരിച്ച് നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ ധനകാര്യവിശകലനം ചുവടെ ചേർക്കുന്നു.

സർക്കാർ വിഹിതം -9,54,19,250

ഗ്രാമ പഞ്ചായത്ത് വിഹിതം -1,80,81,750

ഗുണഭോക്തൃ വിഹിതം -70,44,000

ആകെ -12,05,45,000

രാജഗിരി റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സഹായ സംഘടന മുഖേനയാണ് പദ്ധതിപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ആകെ 26 പ്രോജക്ടുകളാണ് പൂർത്തീകരിയ്ക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. സംസ്ഥാന വിഹിതവും ഗ്രാമപഞ്ചായത്ത് വിഹിതവുമുൾപ്പെടെ നാളിതുവരെ 1,60,32,959 രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു പ്രോജക്ട്(പാറക്കുഴി ജലവിതരണ പദ്ധതി) മാത്രമാണ് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തത്. പദ്ധതി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് കണക്കുകൾ കൃത്യമായി ക്രോഡീകരിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-9 എം.ജി.എൻ.ആർ.ഇ.ജി.എസ്.

എം.ജി.എൻ.ആർ.ഇ.ജി.എസ്.പദ്ധതി പ്രകാരം തൻവർഷം തൊഴിൽ കാർഡിന് അപേക്ഷിച്ച 200 പേർക്കും തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. 2016-17 വർഷം 435 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തൻവർഷം 435 കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തു. തൻവർഷത്തെ ലേബർ ബജറ്റ് പ്രകാരം 223 പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ 105 എണ്ണത്തിന് സാങ്കേതികാനുമതി ലഭിക്കുകയും 74 എണ്ണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ആകെ 21859 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. ജലസംരക്ഷണവുമായി ബന്ധപ്പെട്ട് നീർക്കുഴി നിർമ്മാണം, ഫ്ലാറ്റ്ഫോം നിർമ്മാണം, തെങ്ങിൻ തടം എടുക്കൽ, ഇടക്കയ്യാല നിർമ്മാണം, തോട് ആഴം കൂട്ടൽ എന്നീ പ്രവർത്തികളാണ് നടത്തിയിട്ടുള്ളത്. തൻവർഷം ആകെ ചെലവായ ലേബർ കംപോണന്റ് -8617985 രൂപയും, മെറ്റീരിയൽ കംപോണന്റ് -521443 രൂപയുമാണ്.

2016-17 വർഷത്തെ വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 5,972 |
| വരവ് | 96,95,072 |
| ആകെ | 97,01,044 |
| ചെലവ് | 96,90,653 |
| നീക്കിയിരുപ്പ് | 10,391 |

2016-17 വർഷം ശ്രദ്ധേയമായ രണ്ടു പ്രോജക്ടുകൾ എം.ജി.എൻ.ആർ.ഇ.ജി.എസ്.പദ്ധതി പ്രകാരം നടപ്പാക്കി.

1.കരനെൽകൃഷിക്കുവേണ്ടി നിലം കിളച്ചൊരുക്കൽ (പതിനാലാം വാർഡ്)

2. എസ് സി/എസ് റ്റി/ബി പി എൽ വിഭാഗത്തിൽ പെടുന്നവരുടെ ഭൂമിയിൽ കിണർ നിർമ്മാണം.

## 3-10 മികവുറ്റ പദ്ധതി പ്രവർത്തനം -ഊത്തപ്പാറ 55-ാംനമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം

നെടുംകുന്നം പഞ്ചായത്തിലെ 1-ാം വാർഡിലെ 55-ാം നമ്പർ ഊത്തപ്പാറ അങ്കണവാടിയ്ക്ക് ആധുനിക രീതിയിൽ നിർമ്മിച്ച അങ്കണവാടി കെട്ടിടമാണ് മികവുറ്റ പദ്ധതി പ്രവർത്തനമായി എടുത്തു കാണിയ്ക്കാനുള്ളത്. 2015-16 വർഷം 7,72,000 രൂപയും 2016-17 വർഷം 3,50,000 രൂപയും അടങ്കൽ കല്പിച്ച് നിർവ്വഹണം നടത്തിയ പദ്ധതിയ്ക്ക് ആകെ 9,75,734 രൂപ ചെലവിട്ടു. കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുംവിധം നിർമ്മിച്ചിട്ടുള്ള അങ്കണവാടി ശിശുസൗഹാർദ്ദപരമാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ.നം.823/10 | 1,07,52,000 | 13,89,818 | 8,00,000 | 5,89,818 | - |
| നെടുംകുന്നം ഗ്രാ.പ. ഭവനപദ്ധതി | സ.ഉ. നം. 72858/ഡി.ബി. /1/11/തസ്വഭവ തീ.25.11.14 | 50,00,000 | 38,80,000 | 10,33,555 | 4,43,246 | 29,66,445 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | 8,00,000+8,00,000=16,00,000 രൂപ |
| ആകെ | 16,00,000 രൂപ |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16,00,000 രൂപ |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| നെടുംകുന്നം റീജിയണൽ സർവ്വീസ് സഹകരണബാങ്ക് | 8,00,000/-രൂ |
| നെടുംകുന്നം റീജിയണൽ സർവ്വീസ് സഹകരണബാങ്ക് | 8,00,000/-രൂ. |
| ആകെ | 16,00,000/-രൂ. |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3.4 | 2012-13 | 4.4.1 | പൊങ്ങൻപാറ ജലസേചനപദ്ധതി നിർമ്മിക്കുന്നതിലെ അപാകത | നിയമസഭാസമിതിയുടെ സജീവ പരിഗണനയിൽ |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 8,71,13,914 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,81,86,117 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 18,10,379 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,25,000 | ശ്രീ.അനിൽ വർഗ്ഗീസ്, കൃഷി ഓഫീസർ |
| 3-5 | 2,41,629 | ഡോ.ആരതി ഗോപിനാഥ്, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-7-1&2 | 3,95,000 | ശ്രീ.അനൂപ് എൻ., അസിസ്റ്റന്റ് സെക്രട്ടറി |
| 3-7-3 | 1,80,000 | ശ്രീ.സജിത്ത് റ്റി., സെക്രട്ടറി |
| 3-7-4&5 | 5,00,000 | ശ്രീമതി ബീന കെ., ഹെഡ്മിസ്ട്രസ് |
| 3-7-6 | 3,68,750 | ശ്രീ.പ്രസന്നകുമാർ പി.എസ്., വെറ്ററിനറി സർജൻ |
| ആകെ | 18,10,379 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.കെ.പി.5/1233 അദാലത്ത് 14/28.11.14 |
| 1998-99 | എൽ.എഫ്.കെ.പി.5/1233 അദാലത്ത് 14/28.11.14 |
| 2004-05 | എൽ.എഫ്.കെ.പി.5/779/09/31.03.10 |

| | |
|---|---|
| 2005-06 | എൽ.എഫ്.കെ.പി.5/1369/14/04.08.15. |
| 2006-07 | എൽ.എഫ്.കെ.പി.5/1321(എ)/14/06.07.15 |
| 2007-08 | എൽ.എഫ്.കെ.പി.5/1491/13/03.01.14 |
| 2009-10 | എൽ.എഫ്.കെ.പി.5/1321/14/01.06.15 |
| 2010-11 | എൽ.എഫ്.കെ.പി.5/649/14/14.08.14 |
| 2011-12 | എൽ.എഫ്.കെ.പി.5/620/14/11.08.14 |
| 2012-13 | എൽ.എഫ്.കെ.പി.5/491/15/03.08.15 |
| 2013-14 | എൽ.എഫ്.കെ.പി.5/814/2016/7.9.16 |
| 2014-15 | നം.കെ.എസ്.എ-കെ.ടി.എം.പി5/1043/16/26.07.16 |
| 2015-16 | നം.കെ.എസ്.എ-കെ.ടി.എം.പി5/1796/16/3.12.16/29.12.16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് ഓഫീസ്, കോട്ടയം

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.ടി.എം.പി5/821/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ : 0482564886

ഇ മെയിൽ : doktm.ksad@kerala.gov.in

തീയതി:05.06.17

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ വിശദീകരിയ്ക്കുന്ന അപാകതകൾ ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യപത്രിക നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷങ്ങളിലെ വരവു-ചെലവുകണക്കളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു.ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് ഓഫീസ്, കോട്ടയം